കെ.ടി.ഡി.സി. മുഖേന നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസനങ്ങൾ താഴെപ്പറയുന്നവയാണ് :

1. മൂന്നാറിൽ താമസ സൗകര്യത്തിനായി 24 പുതിയ മുറികൾ തുറന്നു

2. കുമരകം വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം ലക്ഷ്യമാക്കി കുമരകം പക്ഷി സങ്കേത സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദ സഞ്ചാരികൾക്ക് പക്ഷികളെ കുറിച്ച് കൂടുതൽ അറിവ് ലഭിക്കുന്നതിന് പക്ഷി വ്യാഖ്യാന കേന്ദ്രവും പക്ഷിക്കൂട്ടങ്ങളെ നിരീക്ഷിക്കുന്നതിന് മൂന്ന് നിരീക്ഷണ ഗോപുരവും ഉൾപ്പെടുന്നതാണ് ഈ പദ്ധതി

3. കോവളത്തെ സമുദ്ര ഹോട്ടൽ നവീകരിച്ചു. ജി. വി. രാജ ശതാബ്ദി സ്മാരക ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും

4. പൊൻമുടിയിലെ പഴയ കോട്ടേജുകൾ നവീകരിച്ച് ഗോൾഡൻ പീക് എന്ന പേരിൽ പുനരാരംഭിച്ചു.

5. ഇന്ത്യയിലെ സാഹസിക നാവിക ടൂറിസത്തിന്റെ കേന്ദ്ര ബിന്ദുവായി കൊച്ചിയെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി യാട്ടുകൾക്ക് പാർക്കുചെയ്യുവാനും അതിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക, പവർ നൽകുക, ശുദ്ധജലം നിറയ്ക്കുക, അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുക, ഇന്ധനം നിറയ്ക്കുക തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ 34 ബർത്തുകളുള്ള ഒരു രാജ്യാന്തര മറീന കൊച്ചി കായലിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം 24 മുറികളുള്ള 'മറീന ഹൗസ്' എന്ന ആഡംബര റിസോർട്ടും നിർമ്മിച്ചിട്ടുണ്ട്.

6. പറശ്ശിനിക്കടവ്, തിരുനെല്ലി, നിലമ്പൂർ, കൊണ്ടോട്ടി, മണ്ണാർക്കാട്, കാലടി, ഗുരുവായൂർ എന്നിവിടങ്ങളിൽ ടാമറിന്റ് ഹോട്ടലുകളും സുൽത്താൻ ബത്തേരിയിൽ ഒരു ബജറ്റ് ഹോട്ടലും തുടങ്ങി.

**ടൂറിസം പ്രൊമോഷന് വേണ്ടി വിദേശത്ത് നടത്തിയ റോഡ് ഷോ**

**84 (1554)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം പ്രചരണത്തിനായി ഏതൊക്കെ വിദേശ രാജ്യങ്ങളിലാണ് റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുള്ളത് ;

(ബി) റോഡ് ഷോകൾ സംഘടിപ്പിക്കുന്നതിനായി നാളിതുവരെ എത്ര തുക ചെലവിട്ടു ;

(സി) റോഡ് ഷോകൾ നടത്തുകവഴി ടൂറിസം മേഖലയിൽ എന്ത് നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന നഗരങ്ങളിൽ ടൂറിസം പ്രചാരണത്തിനായി റോഡ്ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട് :

| | | |
|---|---|---|
| 1. | ജനീവ | സ്വിറ്റ്സർലണ്ട് |
| 2. | വിയന്ന | ആസ്ട്രിയ |
| 3. | ഹംബർഗ് | ജർമ്മനി |
| 4. | ഡസൽഡോർഫ് | " |

കൂടാതെ മാർച്ച് മാസത്തിൽ ഫ്രാൻസിലും സ്പെയിനിലും റോഡുഷോകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെയായി റോഡ് ഷോകൾ സംഘടിപ്പിച്ചതിൽ ചെലവായ തുക താഴെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | ജനീവ | - | 26,75,996 |
| 2. | ഹാംബർഗ് | - | 27,66,567 |
| 3. | ഡസൽഡോർഫ് | - | 27,87,297 |
| 4. | വിയന്ന | - | 27,63,074 |

(സി) ഇത്തരം റോഡ്ഷോകൾ സംഘടിപ്പിച്ചതുവഴി കേരളത്തെക്കുറിച്ച് വിദേശ രാജ്യങ്ങളിൽ അവബോധം ഉണ്ടാക്കുവാനും തത്ഫലമായി കേരളത്തിലേക്ക് വിദേശ ടൂറിസ്റ്റുകളുടെ ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

**മെഡിക്കൽ ടൂറിസം പദ്ധതി**

**85 (1555)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ ടൂറിസം പദ്ധതിയുടെ സാദ്ധ്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പ്രോത്സാഹനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി, കളരി അടിസ്ഥാനമായുള്ള ചികിത്സാ രീതി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി വടക്കെ മലബാറിൽ കളരി അടിസ്ഥാനമായുള്ള ചികിത്സാ കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly